ഇടപെടൽ സമ്പ്രദായ'ത്തിന് അവകാശപ്പെട്ടതാണ്. എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 50 കോടി രൂപ ഞാൻ മാറ്റി വച്ചിരിക്കുന്നു.

നികുതികൾ

66. സംസ്ഥാനങ്ങൾ തമ്മിലുള്ള നികുതിനിരക്ക് മത്സരം ഒഴിവാക്കാനായി ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ വില്പനനികുതി തറ നിരക്കുകൾ നിശ്ചയിച്ചതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം നികത്തിത്തരുന്നതാണെന്ന കേന്ദ്ര വാഗ്ദ്ധാനം പാലിക്കപ്പെടുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. എന്നാൽ സംസ്ഥാനങ്ങൾക്ക് നഷ്ടം വരുത്തുന്ന ചില തീരുമാനങ്ങളാണ് തുടർന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഉദാഹരണമായി, നികുതി ചുമത്തുന്നതിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തിൽ തന്നെ നേരിട്ട് ഇടപെട്ടുകൊണ്ട് വിമാനത്തിൽ നിറയ്ക്കുന്ന ഇന്ധനത്തിന്റെ (ATF) നികുതി 25-30%-ൽ നിന്നും 4% ആയി ചുരുക്കിയതുമൂലം കേരളത്തിനുണ്ടാകുന്ന പ്രതിവർഷ നഷ്ടം 60 കോടി രൂപയാണ്. ലോട്ടറി നിരോധനത്തിനുള്ള ശ്രമവും ഇതേപോലെ ഗവൺമെന്റിനു ഭീമമായി നഷ്ടം വരുത്തും. ഇത്തരം നടപടികളെ നാം ശക്തമായി എതിർത്തിട്ടുണ്ട്. തറ നിരക്കുകൾ നിശ്ചയിച്ചതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉയർന്നു വന്നിട്ടുള്ള പരാതികൾക്കു പരമാവധി പരിഹാരം കാണാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ജവാന്മാർക്കും എക്സ്-സർവ്വീസുകാർക്കും ഡിഫൻസ് കാന്റീനുകളിൽ ലഭിച്ചുകൊണ്ടിരുന്ന വിൽപ്പന നികുതി ഇളവുകളിൽ വരുത്തിയിട്ടുള്ള വർദ്ധനവിൽ കുറവു വരുത്തുന്നതടക്കമുള്ള അവശേഷിക്കുന്ന കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വിദേശസഹായ പദ്ധതികൾ

67. സംസ്ഥാന സാമ്പത്തിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിൽ വിദേശസഹായ പദ്ധതികൾക്കുള്ള പ്രാധാന്യം ഈ സഭയ്ക്ക് അറിവുള്ളതാണല്ലോ. ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകൃത തത്വമനുസരിച്ച് ഇപ്രകാരമുള്ള സഹായധനം 30 ശതമാനം ഗ്രാന്റും 70 ശതമാനം വായ്പയുമായാണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ഇതിന്റെ പലിശനിരക്ക് ആകർഷകമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മൊത്തം വിദേശ സഹായ പദ്ധതിയുടെ തുലോം 0.39 ശതമാനം മാത്രമായിരുന്നു നമ്മുടെ വിഹിതം. വികസന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കുന്നതിൽ മുൻഗവൺമെന്റ് കാണിച്ച അലംഭാവപൂർണ്ണമായ സമീപനത്തിൽ നിന്നു വ്യത്യസ്തമായി ഈ ഗവൺമെന്റ് നടത്തിയ തുടർച്ചയായ ശ്രമങ്ങളുടെ ഫലമായി ഗണ്യമായ മുതൽമുടക്കുള്ള വൻ പദ്ധതികൾ നേടിയെടുക്കാൻ നുമക്കു കഴിഞ്ഞിട്ടുണ്ട്. 800 ദശലക്ഷം അമേരിക്കൻ ഡോളർ അടങ്കലുള്ള ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് പ്രോജക്ട് പ്രത്യക്ഷത്തിൽ നടപ്പിലാക്കിത്തുടങ്ങിയില്ല. എങ്കിൽകൂടി ഈ പദ്ധതി അംഗീകരിപ്പിക്കാൻ നമ്മുടെ ഭരണകാലത്ത് കഴിഞ്ഞു. ഈ വൻ

LIBRARY ARCHIVES Kerala Legislative Assembly